REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 07-09-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ആത്മീയതയുടെയും സാമൂഹ്യ സേവനത്തിന്റെയും മാർഗം കാണിച്ചു തന്ന മഹത് വ്യക്തിയാണ് ശ്രീനാരായണ ഗുരുവെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **മനുഷ്യരെ ഭിന്നിപ്പിക്കാനല്ല, ഒരുമിപ്പിക്കാനാണ് ശ്രീനാരായണഗുരു പഠിപ്പിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഈ വർഷത്തെ ആദായ നികുതി റിട്ടേണുകൾ ഈ മാസം 15നകം സമർപ്പിക്കണം.**
- **ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും.**
- **തൃശൂരിൽ നാളെ പുലികളി.**
- **ഏഷ്യാ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ വൈകിട്ട് ദക്ഷിണ കൊറിയയെ നേരിടും.**

## വാർത്തകൾ വിശദമായി

ആത്മീയതയുടെയും സാമൂഹ്യ സേവനത്തിന്റെയും മാർഗം കാണിച്ചു തന്ന മഹത് വ്യക്തിയാണ് ശ്രീനാരായണ ഗുരുവെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. 171-ആം ശ്രീനാരായണ ഗുരു ജയന്തി സമ്മേളനം വർക്കല ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

ശ്രീനാരായണ ഗുരുവിന്റെ ചിന്തകളും വചനങ്ങളും ഇന്നും ഏറെ പ്രസക്തമാണെന്നും, ജയന്തി ആഘോഷത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഏറെ അഭിമാനം ഉണ്ടെന്നും ഗവർണർ പറഞ്ഞു.

അല്പസമയത്തിനകം വിശ്വസാഹോദര്യ സമ്മേളനം മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും. ചെമ്പഴന്തി ഗുരുകുലത്തിൽ വൈകിട്ട് ജയന്തി മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചെമ്പഴന്തിയിൽ തിരുജയന്തി ഘോഷയാത്ര മന്ത്രി V ശിവൻകുട്ടി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ശ്രീനാരായണ ഗുരു ജയന്തി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ജനങ്ങൾക്ക് ആശംസ നേർന്നു. കേരളത്തിന് വെളിച്ചം പകർന്ന ശ്രീനാരായണ ഗുരുവിനെ പോലും സ്വന്തമാക്കാൻ ചിലർ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വർഗ്ഗീയതയെ എന്നും എതിർത്ത ഗുരുശ്രേഷ്ഠനായിരുന്നു ശ്രീനാരായണ ഗുരുവെന്നും മനുഷ്യരെ ഭിന്നിപ്പിക്കാനല്ല, മറിച്ച് ഒരുമിപ്പിക്കാനാണ് ഗുരു പഠിപ്പിച്ചതെന്നും മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ഗുരുവിന്റെ വാക്കുകളും പ്രവർത്തനങ്ങളും ഒരു മതത്തിലോ ജാതിയിലോ ഒതുങ്ങുന്നതായിരുന്നില്ല. അത് എല്ലാ മനുഷ്യർക്കും വേണ്ടിയായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കേരളീയ നവോത്ഥാനത്തിന്റെ പ്രകാശ ഗോപുരമായിരുന്നു ശ്രീനാരായണ ഗുരുവെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. ആധുനിക കേരളസമൂഹത്തിന്റെ സൃഷ്ടിയിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

ഓരോ മനുഷ്യ മനസ്സിലും അന്തർലീനമായ നന്മയെ തിരിച്ചറിയാനും പരസ്പരം ബഹുമാനിക്കാനും സ്നേഹിക്കാനുമാണ് ശ്രീനാരായണ ദർശനം പഠിപ്പിക്കുന്നതെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. ചതയ ദിനത്തിൽ ശ്രീനാരായണ സന്ദേശം ഉൾക്കൊണ്ട് ജാതിമത ഭേദങ്ങൾക്കപ്പുറം എല്ലാവരും തുല്യരാണെന്ന ബോധ്യത്തോടെ മുന്നോട്ട് പോകാൻ പ്രതിജ്ഞയെടുക്കാമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷ സമാപന സാംസ്കാരിക ഘോഷയാത്ര മറ്റന്നാൾ വെള്ളയമ്പലത്തു നിന്ന് ആരംഭിച്ച് കിഴക്കേകോട്ടയിൽ സമാപിക്കും.

ആയിരത്തിൽപ്പരം കലാകാരന്മാർ അവതരിപ്പിക്കുന്ന സാംസ്കാരിക കലാരൂപങ്ങൾക്ക് പുറമെ അറുപതോളം ഫ്ളോട്ടുകളും ഘോഷയാത്രയിൽ അണിനിരക്കും.

വെള്ളയമ്പലത്തെ മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര ആർലേക്കർ ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്യും.

✪✪✪

മറ്റന്നാളത്തെ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് മുന്നോടിയായി BJP, MPമാരുടെ ശില്പശാല ന്യൂഡൽഹിയിൽ ആരംഭിച്ചു. പാർലമെന്റ് സമുച്ചയത്തിലെ GMC ബാലയോഗി ഓഡിറ്റോറിയത്തിലാണ് രണ്ട് ദിവസത്തെ ശില്പശാല. ശില്പശാലയുടെ സമാപനത്തിന് ശേഷം MP-മാർ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അത്താഴ വിരുന്നിലും പങ്കെടുക്കും.

✪✪✪

ഈ വർഷത്തെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കേണ്ട അവസാന തിയതി ഈ മാസം 15 ആണ്. വ്യക്തികളും, ഹിന്ദു അവിഭക്ത കുടുംബങ്ങളും ചെറിയ ബിസിനസ് സംരംഭങ്ങളും ITR ഒന്നുമുതൽ ITR നാല് വരെ ഫോമുകളിലാണ് റിട്ടേണുകൾ സമർപ്പിക്കേണ്ടത്. നിശ്ചിത തിയതിക്കകം റിട്ടേണുകൾ സമർപ്പിക്കാത്തവർ പിഴയും പലിശയും നൽകേണ്ടി വരും.

✪✪✪

ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും ദൈർഘ്യമേറിയ പൂർണ ചന്ദ്രഗ്രഹണം ഇന്ന് ദൃശ്യമാകും. ഡൽഹി, മുംബൈ, കൊൽക്കത്ത, ബംഗളൂരു തുടങ്ങിയ നഗരങ്ങൾ ഉൾപ്പെടെ ഇന്ത്യയിലുടനീളം രാത്രി ഈ അപൂർവ്വ ആകാശ പ്രതിഭാസം കാണാം. രാത്രി 8.58 ന് ആരംഭിച്ച് നാളെ പുലർച്ചെ 2.25 വരെയാണ് ചന്ദ്രഗ്രഹണം. അഞ്ച് മണിക്കൂറും 62 മിനിറ്റുമാണ് ദൈർഘ്യം.

✪✪✪

82-ാമത് വെനീസ് ചലച്ചിത്രമേളയിൽ ഒറിസോണ്ടി വിഭാഗത്തിൽ മികച്ച സംവിധാനത്തിന് ഇന്ത്യയുടെ അനുപർണ റോയിക്ക് പുരസ്കാരം ലഭിച്ചു. സോംഗ്സ് ഓഫ് ഫോർഗോട്ടൺ ട്രീസ് എന്ന ചിത്രത്തിനാണ് പുരസ്കാരം. മുംബൈയിലെ രണ്ട് കുടിയേറ്റ സ്ത്രീകളുടെ കഥ പറയുന്ന ചിത്രം ഒറിസോണ്ടി വിഭാഗത്തിലെ ഏക ഇന്ത്യൻ എൻട്രിയായിരുന്നു.

✪✪✪

കൃത്യതയോടെ അതിവേഗം പ്രഹരമേൽപ്പിക്കാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് ഓപ്പറേഷൻ സിന്ദൂർ വ്യക്തമാക്കിയതായി വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർപ്രീത് സിംഗ് പറഞ്ഞു. ചെന്നൈ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാദമിയിൽ പരിശീലനം നേടിയ കമ്മീഷൻഡ് ഓഫീസർ ട്രെയിനികളുടെ

പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കുകയായിരുന്നു വ്യോമസേനാ മേധാവി. 155 കേഡറ്റുകളാണ് ഇന്ത്യൻ കരസേനയുടെ ഭാഗമായത്.

✪✪✪

ഖാലിസ്ഥാനി തീവ്രവാദി ഗ്രൂപ്പുകൾക്ക് രാജ്യത്തെ ചില ഉറവിടങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെന്ന് കാനഡ ഔദ്യോഗികമായി സമ്മതിച്ചു. 2025ലെ കള്ളപ്പണവും തീവ്രവാദവും സംബന്ധിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം കനേഡിയൻ ധനകാര്യമന്ത്രാലയം സ്ഥിരീകരിച്ചത്. കാനഡ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഖലിസ്ഥാൻ അനുകൂല ഗ്രൂപ്പുകൾക്ക് ചില വ്യക്തികളിൽ നിന്നും നെറ്റ് വർക്കുകളിൽ നിന്നും സഹായം ലഭിക്കുന്ന കാര്യം പൊലീസും രഹസ്യാന്വേഷണ ഏജൻസികളും നിരീക്ഷിച്ചതായി ധനകാര്യമന്ത്രാലയം പ്രസിദ്ധീകരിച്ച റിപ്പോർട്ടിലുണ്ട്.

✪✪✪

ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും. ഇതു സംബന്ധിച്ച് മാർഗ നിർദേശങ്ങൾ വ്യക്തമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. സ്കൂൾതല വിശകലന യോഗം ചേരണമെന്ന് സർക്കുലറിൽ പറയുന്നു.

✪✪✪

തൃശൂരിൽ നാളെ പുലികളി. നഗരവീഥികളിൽ ഇത്തവണ ഒൻപത് സംഘങ്ങളാണ് പുലികളിക്ക് ഇറങ്ങുന്നത്.

കൂടുതൽ വിവരങ്ങളുമായി ഭരിതാപ്രതാപ്....

.......വോയ്സ്.......

✪✪✪

ആലപ്പുഴയിലെ പായിപ്പാട് ജലോത്സവം ഇന്ന്. ഉച്ചയ്ക്ക് കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി ജലോത്സവം ഉദ്ഘാടനം ചെയ്യും. 10 ചുണ്ടൻ വള്ളങ്ങളുൾപ്പെടെ 40 വള്ളങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. മത്സര വള്ളംകളി മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും. ജലഘോഷയാത്ര KC വേണുഗോപാൽ MP-യും, സുവനീർ പ്രകാശനം രമേശ് ചെന്നിത്തല MLA യും നടത്തും.

✪✪✪

ഓണപൂജകൾ പൂർത്തിയാക്കി ശബരിമലയിൽ രാത്രി നട അടയ്ക്കും. പൂർണ്ണ ചന്ദ്ര ഗ്രഹണമായതിനാൽ എട്ടരയ്ക്കാണ് നട അടയ്ക്കുന്നത്. വൈകിട്ട് നാലിനു നടതുറന്ന് പടിപൂജയും, ദീപാരാധനയും, അത്താഴ പൂജയും പൂർത്തിയാക്കും.

✪✪✪

കോഴിക്കോടിന്റെ ഒരാഴ്ച നീണ്ട ഓണാഘോഷം മാവേലിക്കസ്- 2025 വൈകിട്ട് സമാപിക്കും. ലുലുമാളിലെ സമാപന ചടങ്ങ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ് നാലാം സീസൺ മാധ്യമ പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. കോഴിക്കോട് ആകാശവാണിയ്ക്കാണ് ശ്രാവ്യ വിഭാഗത്തിൽ പുരസ്കാരം.

കണ്ണൂർ DTPC യുടെ ഓണാഘോഷം ടൗൺ സ്ക്വയറിൽ ചൊവ്വാഴ്ച വരെ തുടരും.

✪✪✪

രാജ്യത്ത് ഞായറാഴ്ച സൈക്കിൾ യാത്ര ഒരു പ്രസ്ഥാനമായി മാറിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. ഫിറ്റ്നസ് നിലനിർത്താനും സ്വദേശി ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാനും ന്യൂഡൽഹിയിൽ 50ലധികം MP മാർ പങ്കെടുത്ത ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിളിൽ പങ്കെടുക്കവെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ചാണ് 'ഗാരിസെ സ്വദേശി' എന്ന പ്രമേയത്തിൽ പരിപാടി സംഘടിപ്പിച്ചത്. രാജ്യത്തെ എണ്ണായിരം കേന്ദ്രങ്ങളിൽ പരിപാടി ഉണ്ടായിരുന്നതായും കേന്ദ്ര മന്ത്രി പറഞ്ഞു. സൈക്കിളിംഗ് ഫിറ്റ് ഇന്ത്യയുടെ സന്ദേശം മികച്ച വ്യായാമവും പരിസ്ഥിതി മലിനീകരണത്തിന് എതിരായ പ്രവർത്തനവുമാണെന്ന് മാണ്ഡവ്യ വ്യക്തമാക്കി.

✪✪✪

US ഓപ്പൺ ടെന്നിസിൽ പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നറും ലോക രണ്ടാം താരം സ്പെയിനിന്റെ കാർലോസ് അൽകാരസും തമ്മിൽ ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി പതിനൊന്നരയ്ക്കാണ് മത്സരം.

വനിതാ വിഭാഗത്തിൽ ലോക ഒന്നാം നമ്പർ താരം ആര്യാന സെബലെങ്ക കിരീടം നിലനിർത്തി. ഫൈനലിൽ അമാൻഡ അനിസിമോവയെ തോൽപ്പിച്ചാണ് സെബലെങ്കയുടെ കിരീട നേട്ടം.

✪✪✪

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ വൈകിട്ട് ദക്ഷിണ കൊറിയയെ നേരിടും. ഇന്നലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ചൈനയെ മറുപടിയില്ലാത്ത ഏഴു ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിസ്റ്റുകളായത്. ബിഹാറിലെ രാജ്ഗിറിൽ വൈകിട്ട് ഏഴരയ്ക്കാണ് ഫൈനൽ.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് ഫൈനൽ ഇന്ന്. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് ആറരയ്ക്ക് കൊച്ചി ബ്ലൂ ടൈഗേഴ്സ്, കൊല്ലം സെയിലേഴ്സിനെ നേരിടും.

✪✪✪

കുന്നംകുളത്തെ യൂത്ത് കോൺഗ്രസ് നേതാവിനെ മർദ്ദിച്ച സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത നടപടി തൃപ്തികരമല്ലെന്നും അവരെ സർവീസിൽ നിന്ന് പിരിച്ചുവിടണമെന്നും KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

പോലീസുകാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യം ഉന്നയിച്ചു.

✪✪✪

ഗവൺമെന്റിന്റെ പോലീസ് നയത്തിലെ പിഴവാണ് പോലീസ് മർദ്ദനം ആവർത്തിക്കാൻ കാരണമെന്ന് തൃശൂർ DCC പ്രസിഡന്റ് ജോസഫ് ടാജറ്റ് കുറ്റപ്പെടുത്തി.

കുന്നംകുളം സംഭവത്തിൽ രണ്ട് വർഷം കഴിഞ്ഞിട്ടും നടപടി ഉണ്ടായില്ലെന്നും കുറ്റക്കാരായ പൊലീസ് ഉദ്യോഗസ്ഥരെ ഗവൺമെന്റ് സംരക്ഷിക്കുക യാണെന്നും ടാജറ്റ് പറഞ്ഞു.

വിവരാവകാശ നിയമമനുസരിച്ച് പല സ്റ്റേഷനുകളുടേയും CCTV ദൃശ്യങ്ങൾ ലഭ്യമാക്കുമെന്നും ജോസഫ് ടാജറ്റ് തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRTs : അനിൽ ചന്ദ്രൻ, രജിന കെ*
*DEO : സി കെ സുബോധ്*